Prot .No: 44/17/18

MY LORD MY GOD

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, പ്രിയ കുഞ്ഞു മക്കളേ,

അടുത്തു വരുവാൻ പോകുന്ന മൂന്നു പ്രധാന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1. ഒക്ടോബർ മാസം ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ വണക്കത്തിനായുള്ള ജപമാല മാസമായി നമ്മൾ ആചരിക്കുന്നതാണല്ലൊ. ഇത് മാതാവിനോടുള്ള ഭക്തി മാത്രമല്ല. ജപമാലയുടെ 20 രഹസ്യങ്ങളിൽ ധ്യാനിക്കുന്നത് നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള രക്ഷാകരരഹസ്യങ്ങളാണ്. നാം ജപമാല ചൊല്ലുമ്പോൾ പരിശുദ്ധ അമ്മയോടൊപ്പം രക്ഷാകരമായ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുകയാണ് ചെയ്യുന്നത്.

ഒക്ടോബർ മാസത്തിലെ ജപമാലാചരണം നമ്മുടെ സമൂഹങ്ങളിലൊക്കെയും ഏറ്റവും ഉചിതമായ വിധത്തിൽ സംഘടിപ്പിക്കുവാൻ ബഹുമാനപ്പെട്ട വൈദികരെയും നിങ്ങളെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ അമ്മയുടെ അനുഗ്രഹവും സംരക്ഷണവും എന്നും നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും കുഞ്ഞുമക്കൾക്കും ഉണ്ടാകട്ടെ.

2. നമ്മുടെ സഭയുടെ ഒരു പുത്രി ദൈവദാസി സിസ്റ്റർ റാണി മരിയ നവംബർ 4–ാം തിയതി വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുകയാണല്ലൊ. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായ്ക്ക് ശേഷം നമ്മുടെ സഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ആദ്യത്തെ രക്തസാക്ഷിയാണ് സിസ്റ്റർ റാണി മരിയ. അതിൽ നമുക്ക് അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യാം. നവംബർ 4–ാം തിയതി ഇൻഡോറിൽ വച്ചാണ് സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന തിരുക്കർമ്മം നടക്കുന്നത്. അന്നേ ദിവസമൊ, തൊട്ടടുത്ത സൗകര്യപ്രദമായ ദിവസമൊ നമ്മുടെ സമൂഹങ്ങളിൽ ഈ പ്രധാനപ്പെട്ട സംഭവം അനുയോജ്യമായ വിധത്തിൽ ആഘോഷിക്കണമെന്ന് സഭ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ സമൂഹങ്ങൾ ഇടകലർന്ന് കഴിയുന്ന ഓസ്ട്രേലിയായിലെ ഇതര സഭാവിശ്വാസികളെയും ഇങ്ങനെയുള്ള ഒരു ആഘോഷത്തിൽ പങ്കെടുപ്പിക്കുന്നത് അവർക്ക് നമ്മുടെ സഭയെയും വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയെയും പരിചയപ്പെടാൻ അവസരമാകുമല്ലൊ.

സിസ്റ്റർ റാണി മരിയയെ 1995ൽ ഇൻഡോറിൽ വച്ച് അതിദാരുണമായി കൊലപ്പെടുത്തിയ സമുന്ദർ സിങ്ങ് ശിക്ഷിക്കപ്പെടുകയും ജയിലിൽ കഴിയുന്ന

അവസരത്തിൽ ആ ഹൈന്ദവ സഹോദരന് മനസ്താപവും മാനസാന്തരവും ഉണ്ടാകുകയും ചെയ്താണല്ലൊ. സിസ്റ്റർ റാണി മരിയ ഉൾപ്പെടുന്ന ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസ സമൂഹത്തിന്റെ സുഹൃത്തും ഗുണകാംക്ഷിയുമാണ് ഇന്ന് ഈ ഹൈന്ദവ സഹോദരൻ. വ്യക്തിപരമായി പറഞ്ഞാൽ ഏതാനും മാസങ്ങൾക്ക് മുമ്പ് ഈ സഹോദരനെ നേരിൽ കാണാനും സംസാരിക്കാനും എനിക്ക് അവസരമുണ്ടായി. സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന തിരുക്കർമ്മത്തിൽ അദ്ദേഹത്തിന്റെയും സാന്നിധ്യമുണ്ടാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. പ്രതിസന്ധികളിൽ വിശ്വാസ തീക്ഷ്ണതയോടെ ജീവിക്കാൻ വേണ്ട ക്രപാവരത്തിനായി സിസ്റ്റർ റാണി മരിയയുടെ മാധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

3. നവംബർ മാസം നമ്മുടെ രൂപതയിലെ വൈദികർ നോർത്ത് സിഡ്നിയിലെ മേരി മക്കില്ലപ്പ് സെന്ററിൽ വച്ച് വാർഷികധ്യാനം നടത്തുകയാണ്. ബ്രോക്കൺ ബെ രൂപതാദ്ധ്യക്ഷനായ ബിഷപ്പ് പീറ്റർ കൊമൻസോളി പിതാവാണ് ധ്യാനഗുരു. നമ്മുടെ അദ്ധ്യാത്മീക പിതാക്കന്മാരായ വൈദികഗണത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കറിയാവുന്നതു പോലെ ഓസ്ട്രേലിയായിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട ഏക വിശുദ്ധയാണ് മേരി മക്കില്ലപ്പ്. നോർത്ത് സിഡ്നിയിലെ മേരി മക്കില്ലപ്പ് സെന്ററിലാണ് അവരുടെ ഭൗതിക അവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന പൂജ്യമായ ശവകുടീരം സ്ഥിതിചെയ്യുന്നത്. നവംബർ 23-ാം തിയതി (വ്യാഴാഴ്ച) വൈകീട്ട് 6.00ന് നമ്മുടെ വിശ്വാസികൾക്ക് ഈ പുണ്യവതിയുടെ സവിധത്തിൽ തീർത്ഥാടനം നടത്താനും ശവകുടീരം സന്ദർശിക്കാനും ജപമാലയിലും പരിശുദ്ധ കുർബാനയിലും പങ്കെടുത്ത് പ്രാർത്ഥിക്കാനും അവസരം ഒരുക്കിയിട്ടുണ്ട്. നോർത്ത് സിഡ്നി റെയിൽവെ സ്റ്റേഷന് തൊട്ടടുത്താണ് മേരി മക്കില്ലപ്പിന്റെ തീർത്ഥാടന കേന്ദ്രം. നിങ്ങളേവരെയും അന്നേ ദിവസം വൈകീട്ട് 6.00ന് നടക്കുന്ന ജപമാലയിലും വിശുദ്ധ കുർബാനയിലും തിർത്ഥാടനത്തിലും പങ്കെടുക്കുവാനായി ക്ഷണിക്കുന്നു. ഞാനും നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ചേർന്ന് അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ഓസ്ട്രേലിയായിലെ സഭയുടെ വിശ്വാസ വളർച്ചക്കായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരെയും പ്രത്യേകിച്ച് ന്യൂ സൗത്ത് വെയിൽസിലെ സിഡ്നി പ്രദേശത്ത് താമസിക്കുന്നവരെയും ഇതിനായി ക്ഷണിക്കുന്നു.

സസ്നേഹം

**+ബിഷപ്പ് ബോസ്കോ പുത്തൂർ** **30 സെപ്റ്റംബർ 2017**

NB: ഈ സർക്കുലർ ഒക്ടോബർ 1 -ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.